പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4795   04.07.2012-ൽ മറുപടിക്ക്

## അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ

ചോദ്യം

ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. എം.വി.ശ്രേയാംസ് കുമാർ
,, പി.സി.ജോർജ്.

മറുപടി

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്ത് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പ്രവർത്തനം കാര്യക്ഷമമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ;

ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആയതിന്റെ നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തു ; വ്യക്തമാക്കാമോ ;

(എ)യും (ബി)യും

ഉണ്ട്. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പ്രിൻസിപ്പൽ ബഞ്ച് ഇപ്പോൾതന്നെ തിരുവനന്തപുരത്തുള്ള വഞ്ചിയൂരിൽ പ്രവർത്തിക്കുന്നു. ഫയലിംഗ് സൗകര്യത്തോടുകൂടിയ ഒരു അഡീഷണൽ ബഞ്ച് എറണാകുളത്ത് തുടങ്ങാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അഡീഷണൽ ബഞ്ചിലേയ്ക്കായി ഒരു ഡെപ്യൂട്ടി രജിസ്ട്രാർ, ഒരു സെക്ഷൻ ഓഫീസർ, ഒരു പ്യൂൺ എന്നിവരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ട്രൈബ്യൂണലിന്റെ 3 ബഞ്ചുകളുടെ പ്രവർത്തനത്തിനായി സൃഷ്ടിക്കപ്പെട്ട 110 തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, ട്രൈബ്യൂണ ലിന്റെ നടത്തിപ്പിനായി "2014-00-116-99" എന്ന ശീർഷകത്തിൽ ആവശ്യമായ തുകയും അനുവദിച്ചിട്ടുണ്ട്.

(സി) ട്രൈബ്യൂണൽ മെമ്പർമാരുടെ നിയമനം പൂർത്തീകരിക്കുവാൻ സാധിച്ചുവോ ; നിലവിൽ എത്രപേർക്ക് നിയമനം നൽകി ; വിശദാംശം നൽകുമോ ?

(സി) ഇല്ല. മൂന്ന് ജുഡീഷ്യൽ മെമ്പർമാരും മൂന്ന് അഡ്മിനിസ്ട്രേറ്റീവ് മെമ്പർമാരും ഉൾപ്പെടുന്നതാണ് ട്രൈബ്യൂണൽ. കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ പ്രകാരം ജസ്റ്റീസ് കെ. ബാലകൃഷ്ണൻ നായർ ട്രൈബ്യൂണലിന്റെ ചെയർമാനായി നിയമിതനാവുകയും 03.09.2010-ൽ അധികാരമേൽക്കുകയും ചെയ്തു. അഡ്മിനിസ്ട്രേറ്റീവ് മെമ്പർമാരായ ശ്രീ.മാത്യു സി. കുന്നുങ്കൽ, ശ്രീ.ശൃംഗാരം പ്രദീപ് കുമാർ നായിഡു എന്നിവർ യഥാക്രമം 22.12.2011, 02.01.2012 എന്നീ തീയതികളിൽ സ്ഥാനം ഏറ്റെടുക്കുകയും ട്രൈബ്യൂണലിന്റെ ഒരു ഡിവിഷൻ ബഞ്ച് 22.12.2011 മുതൽ സിറ്റിംഗ് ആരംഭിക്കുകയും ചെയ്തു. രണ്ട് ജുഡീഷ്യൽ മെമ്പർമാരെയും ഒരു അഡ്മിനിസ്ട്രേറ്റീവ് മെമ്പറെയുംകൂടി നിയമിക്കേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ.